(ബി) പതിനാലെണ്ണത്തിൽ എക്സ്-റെ സ്ഥാപിച്ചിട്ടുണ്ട്. എട്ട് ആശുപത്രികൾക്ക് ആംബുലൻസ് വാഹനങ്ങൾ ഉണ്ട്.

(സി) ഇല്ല.

(ഡി) ശ്രദ്ധിക്കാം.

ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള : ഈവക സജ്ജീകരണങ്ങൾ ഇല്ലാത്ത ആശുപത്രികളിൽ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുമോ ?

ശ്രീ. എ. എ. റഹിം : കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഇപ്പോഴും പല ആശുപത്രികളിലും ആവശ്യത്തിനുള്ള മരുന്നില്ലെന്നുള്ള പരാതിയുണ്ടോ ?

ശ്രീ. എ. എ. റഹിം : ചില മരുന്ന് ചിലപ്പോൾ ഇല്ലാതെവരുന്ന സന്ദർഭങ്ങൾ ഉണ്ടാകാം.

ശ്രീ. പി. ആർ. മാധവൻപിള്ള : പെനിസിലിൻ ഇല്ലെന്നുള്ള പരാതിയുണ്ടായിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : സ്റ്റോക്ക് ഇല്ലാതാകുമ്പോൾ ഇങ്ങനെ പരാതി ഉണ്ടാകുന്നതാവും.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : സൗകര്യങ്ങൾ കുറവുള്ള ആശുപത്രികളിൽ കൂടുതൽ സൗകര്യമുണ്ടാക്കണമെന്നല്ലേ ഗവണ്മെന്റിന്റെ നയം ?

ശ്രീ. എ. എ. റഹിം : അതിനെപ്പറ്റി ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. സി. കെ. വിശ്വനാഥൻ : മെഡിക്കൽമന്ത്രിയുടെ കുട്ടിക്ക് ചികിത്സയ്ക്ക് ആശുപത്രിയിൽ മരുന്ന് ഇല്ലാതെ വന്നുവെന്ന് അറിയിപ്പുണ്ടായിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : മരുന്ന് ഇല്ലാതെവരുന്ന സന്ദർഭങ്ങൾ ഉണ്ടാകുമെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. കെ. പി. ഹാർമിസ് : വളരെയധികം സ്ത്രീകൾ ചികിത്സാർത്ഥം വന്നുചേരുന്ന പെരുമ്പാവൂർ ആശുപത്രിയിൽ ഒരു ലേഡി ഡാക്ടറുടെ ആവശ്യകതയെപ്പറ്റി നിവേദനം നടത്തിയിട്ടുള്ളതറിയാമോ ?

(ഉത്തരമില്ല.)

ജലമാർഗ്ഗമുള്ള ഗതാഗതം.

* 208. [19] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്ധ്യതിരുവിതാംകൂറിലുള്ള പ്രധാനപട്ടണങ്ങൾ വാണിജ്യകേന്ദ്രമായ ആലപ്പുഴയുമായി, ജലമാർഗ്ഗം ഗതാഗതം നടത്തുന്നതിനു ഗവണ്മെന്റിനു ഇപ്പോൾ വല്ല പദ്ധതിയുമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്രകാരം ജലമാർഗ്ഗം ഗതാഗതം ഉണ്ടാകുന്നതു് കാർഷികോൽപ്പന്നങ്ങൾ ശരിയായ രീതിയിൽ വിറ്റഴിക്കുന്നതിനു പ്രയോജനപ്പെടുമെന്നു് ഗവണ്മെൻറു് വിചാരിക്കുന്നുണ്ടോ;

(സി) തിരുവല്ലാ മാർക്കറ്റു് കനാൽ വികസിപ്പിക്കണമെന്നുള്ള പൊതുജനങ്ങളുടെ നിവേദനങ്ങൾക്കു് ഗവണ്മെൻറു് എന്തു നടപടി നടത്തിയിട്ടുണ്ടു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ചങ്ങനാശ്ശേരിയും ആലപ്പുഴയുമായുള്ള ഗതാഗതം നടത്തുന്നതിനുള്ള പദ്ധതി ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഈ ജോലിയുടെ ഒരു ഭാഗത്തിനുവേണ്ടി 58,000 രൂപയുടെ എസ്റ്റിമേറ്റു് അനുവദിക്കുകയും അതനുസരിച്ചുള്ള ജോലി മുക്കുവാൻ ചെയ്യുകയും ചെയ്തിട്ടുണ്ടു്. ഇനിയും മൂന്നുലക്ഷം രൂപയോളം ചെലവുവരുന്ന ജോലികൂടി ചെയ്യേണ്ടതുണ്ടു്. അതിൻറെ പ്രാരംഭനേഷണം പൂർത്തിയാക്കിയിട്ടുണ്ടു്. ഈ ജോലി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: ഈ 58,000 രൂപയുടെ എസ്റ്റിമേറ്റിൻപ്രകാരം ഇതുവരെ നടത്തിയിട്ടുള്ള വേലയെപ്പറ്റി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: ആ പദ്ധതി ശരിയായി പ്രവർത്തിക്കുന്നില്ല എന്ന പരാതി ഉണ്ടായിട്ടുണ്ടു്. എന്നാൽ പ്രവൃത്തി പരിതപ്തപ്പെടുത്തുന്നതിനും ശരിയായി പ്രവർത്തിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്തുവരികയാണു്.

ശ്രീ. എം. എം. മത്തായി: 58,000 രൂപയുടെ പ്രവർത്തനംകൊണ്ടു പ്രയോജനം ഉണ്ടായില്ല എന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: മുഴുവൻ തുകയും ചെലവാക്കിയിട്ടില്ല. ബാക്കി തുക കൂടി ചെലവാകുമ്പോൾ ഉദ്ദേശിച്ച പ്രയോജനം ഉണ്ടാകുമെന്നാണു വിശ്വാസം.

മത്സ്യത്തൊഴിലാളികളുടെ ദുരിതം.

* 209. [21] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ദുരിതം ഒഴിവാക്കുന്നതിനായി ശാശ്വതമായ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻറെ രൂപമെന്തു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) മത്സ്യത്തൊഴിലാളികൾക്കു് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനു് മത്സ്യത്തൊഴിലാളികളുടെ കോവാപ്പറേറ്റീവ് സൊസൈറ്റികൾക്കു് സെക്യൂരിറ്റി കൂടാതെ തുക കെട്ടിവയ്ക്കുവാനും യന്ത്രോപകരണങ്ങൾ വാങ്ങിക്കൊടുക്കുന്നതിനുമുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly